● ആമുഖം



# കുറുംകഥയിലെ ചിരി

വി.കെ. ശ്രീരാമൻ

വര : വി.കെ.ശ്രീരാമൻ

**ആഗോളവൽക്കരണത്തിൽ** നിസ്സഹായത പ്രകടിപ്പിക്കുകയും അതുനോക്കി നിൽക്കാനേ ആവുന്നുള്ളൂ എന്ന് സൂചിപ്പിക്കുകയും ചെയ്തുകൊണ്ട് ഒഴുകിപ്പോകുന്ന വൈവിധ്യങ്ങളെ തന്നാലാവും പോലെ കോരിയെടുത്ത് സൂക്ഷിച്ചുവെക്കലാണ് തന്റെ രചനയുടെ ശ്രമമെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട് ഇന്ദിര മുഖവുരയിൽ. നല്ലതുതന്നെ. നല്ലതുതന്നെ. വൈവിദ്ധ്യങ്ങളെ ഇല്ലാതാക്കുകയാണ് ആഗോളവൽക്കരണത്തിന്റെ ആത്യന്തികലക്ഷ്യം എന്ന ഒരു വായന ചിലപ്പോൾ സംഭവിച്ചേക്കാം എന്നതുകൊണ്ടാണ് ഞാൻ ചെറുതായി 'ഇടപെടാൻ' ശ്രമിക്കുന്നത്. ആഗോളീകരണത്തിന്റെ ലക്ഷ്യം ധനവും അധികാരവുമാണെങ്കിലും മാർഗ്ഗം അത്ര എളുപ്പത്തിൽ നിർവ്വചിക്കാവുന്നതല്ല. വൈവിധ്യങ്ങളെ നിലനിർത്താനും ഇല്ലാതാക്കുവാനും അത് അവസരോചിതമായി ശ്രമിച്ചെന്നുവരും. മൃഗപ്രിയരായ ആദിമ മനുഷ്യസമൂഹത്തിൽനിന്ന് പോസ്റ്റ് മോഡേൺയുഗം വരെ അതിന് ചിന്താശക്തിയുണ്ട്. അതുകൊണ്ട് അവനെ 'വഴിയിൽ തടയുക' സാദ്ധ്യമല്ല.

ഇന്ദിരയുടെ കഥകളിൽ കാണപ്പെടുന്ന കഥാസന്ദർഭങ്ങളിൽ ഏറെയും ആഗോളീകരണ പ്രക്രിയയ്ക്കുമുമ്പുതന്നെ സംഭവിച്ചുപോയിട്ടുള്ളതാണ്. മനുഷ്യവർഗ്ഗത്തിന്റെ പരിണാമ പ്രക്രിയയിൽ പരിഷ്കൃതർ അപരിഷ്കൃതനെ നോക്കിക്കാണുന്നതിൽനിന്ന് ഉൽഭവിക്കുന്ന നർമ്മം ചിരകാലമായി നാം അനുഭവിച്ചുപോരുന്നതാണ്. അല്ലെങ്കിൽ പഴയകാലം/പുതിയകാലത്തെ നേരിടുന്ന (തിരിച്ചും) മുറകൾ നാം കണ്ടുവരുന്നതുമാണ്. ആഗോളീകരണമെന്ന വാക്ക് കേൾക്കുന്നതിനെത്രയോ മുമ്പാണ് കേരളത്തിൽ നമ്പൂതിരിമാരുടെ ജന്മിത്തം ഇല്ലാതായത്; അതിനും മുമ്പല്ലേ സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റുകൾ അധികാരം പിടിച്ചത്, അതിനും മുമ്പല്ലെ ഗോത്രങ്ങൾ കൃഷി ചെയ്യാനാരംഭിച്ചത്. ഭൂമിയിൽ ഒരിടത്ത് സ്ഥിരവാസമാരംഭിച്ച് മേച്ചിൽപുറം തേടിയുള്ള യാത്രകളവസാനിപ്പിച്ചത്? മാറാതെ കാലത്തിനു മുന്നോട്ടു പോകാൻ കഴിയില്ല.

ഇന്ദിര അവതരിപ്പിക്കുന്ന കഥകൾക്ക് ഗ്രാമ്യമായ ചൂരും ചന്തവുമുണ്ട്. ഭാഷയാകട്ടെ അതീവശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു. എല്ലാം തുറന്നെഴുതാനുള്ള തന്റേടം കാണിക്കുന്നു.

ഇന്ദിര ഭയപ്പെടേണ്ടതില്ലെന്നു തോന്നുന്നു. ആഗോളീകരണത്തിന്റെ ഉത്തരാധുനിക കാലത്തും മാക്കുണ്ണി പനയിന്മേൽ തന്നെയുണ്ടാവും, ആൾമറയില്ലാത്ത കിണറ്റിലേക്ക് ദേവൂട്ടി വീഴും, ജാരനും മാരനും കദീസക്കുട്ടിയെ സന്തോഷിപ്പിക്കാൻ മത്സരിക്കും. എല്ലാം പുതിയ പരിതോവസ്ഥയിലും ബാഹ്യരൂപം മാറി അവതരിക്കും. കാരണം ചില നിയമങ്ങൾക്ക് - ആഹാരം, നീഹാരം, നിദ്ര, മൈഥുനം മുതലായവ - വിധേയമായിട്ടേ ഏതു മനുഷ്യനും നിലനിൽക്കാനാവൂ.

പരിഹാസത്തിലും ഫലിതത്തിലും പ്രണയവും വിരഹവും ദൈന്യതയുമില്ല; കാമവും ഭോഗവും വൈകല്യവും ബുദ്ധിശക്തിയുമാണ് മുന്നിട്ടുനിൽക്കുക. ഉന്നം പിഴച്ചാൽ നർമ്മം ദുരന്തമാകും.

കഥകൾ എഴുതുമ്പോൾ കഥാകൃത്ത് തന്റെ കണ്ണ് എവിടെയാണ് വെച്ചിരിക്കുന്നത് എന്നുള്ളത് പരമപ്രധാനമായ കാര്യമാണ്. എന്തിലും നർമ്മം കാണുക എന്ന വി.കെ.എൻ. രീതി എനിക്ക് സമ്മതമല്ല. കണ്ണീരും കിനാക്കളുമൊക്കെയുള്ളതാണ് ഈ വാഴ്‌വ്. അതിൽ സ്വാതന്ത്ര്യത്തിനായുള്ള കുതിപ്പുകളുണ്ട് പ്രധാനമായി. ഗർഭത്തിൽനിന്ന് വേർപ്പെട്ടുപോയ മകനെ വീണ്ടും മുലയൂട്ടി ഉദ്ഭാവനം ചെയ്യുന്ന അമ്മയുടെ ജീവചോദനയാണ് എഴുത്തുകാരന്റെ ശക്തിയായി വർത്തിക്കുന്നത്; വർത്തിക്കേണ്ടത്. രസിപ്പിക്കലോ കാഴ്ചബംഗ്ലാവുകൾ ഉണ്ടാക്കലോ സർഗ്ഗശക്തിയുടെ പദ്ധതികളല്ല. അത് വെളിച്ചത്തെ ആഗിരണം ചെയ്യുന്നു. തിമിരം ബാധിച്ചവരെ ശസ്ത്രക്രിയ ചെയ്യുന്ന ഉപകരണമാവുന്നു. വീണ്ടും ഇരുട്ടുവന്നു മൂടുമെന്നറിഞ്ഞുകൊണ്ടുതന്നെ.

ഈ കഥകൾ ഒറ്റമരങ്ങളായി നിൽക്കാതെ കാടായി വളരട്ടെ. കാനനഭംഗികളിൽ കൗതുകം കൊള്ളാത്ത കറിനഹൃദയൻ നല്ല വായനക്കാരനുമല്ല.

*ദ്വാരക, ചെറുവത്താനി, തൃശൂർ*


**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

● ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
● സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
● മഴ - അറിവ്, അനുഭവം
ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
● കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
● സാമൂഹ്യനീതിക്കായുള്ള സാമൂഹ്യപ്രവർത്തനം
ഗസ്റ്റ് എഡിറ്റർ : എൻ.പി. ജോൺസൺ